ദേവസ്വം ബോർഡിലെ നിയമനം പി. എസ്. സി. മുഖേനയാക്കാൻ നടപടി

5 [*89] ശ്രീ. വർക്കല കഹാർ:

„ ജോർജ് ജെ. മാത്യു:

„ ടി. യു. രാധാകൃഷ്ണൻ :

„ സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഉദ്യോഗങ്ങളിലേക്കുള്ള നിയമനം പി. എസ്. സി. ക്ക് വിടാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) നിയമനങ്ങളിൽ അഴിമതിയില്ലാതെ ബന്ധപ്പെട്ട ബോർഡുകൾ തന്നെ നിയമനം നടത്തുവാൻ വേണ്ട സംവിധാനമുണ്ടാക്കുമോ ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) പരിഗണനയിലില്ല.

കഞ്ചാവ് കൃഷി തടയാൻ നടപടി

6 [*90] ശ്രീ. ഇ. എം. അഗസ്തി:

„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാന്തരങ്ങളിൽ കഞ്ചാവ് കൃഷി എവിടെയെല്ലാം നടത്തുന്നുവെന്ന് കണ്ടുപിടിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കഞ്ചാവ് കൃഷിയെപ്പറ്റി വിവരം ലഭിക്കുന്ന പക്ഷം അത് നശിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർ കൃഷിയുടെ വളരെച്ചെറിയഭാഗം മാത്രമേ നശിപ്പിക്കുന്നുള്ളൂ എന്ന പരാതി ഉയർന്നിട്ടുണ്ടോ ;

(സി) കഞ്ചാവ് കൃഷി നടത്തുന്നവരെ കണ്ടുപിടിച്ച് അവരുടെമേൽ കേസ് രജിസ്റ്റർ ചെയ്യാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) സംസ്ഥാനത്തെ വനങ്ങളിൽ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ റോന്ത് ചുറ്റി കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നു. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യവിവരം ശേഖരിക്കാറുണ്ട്. കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സഹായവും, പ്രാദേശിക സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും ആദിവാസികളുടെയും സേവനവും ഉപയോഗപ്പെടുത്തുന്നു. കഞ്ചാവ് കൃഷി തടയുന്നതിന് സർക്കാർ 24-6-2005-ലെ

LIBRARY ARCHIVES Kerala Legislative Assembly

ജി. ഒ. (ആർ റ്റി.) 356/2005 വനം പ്രകാരം വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. കഞ്ചാവ് കൃഷി കണ്ടുപിടിച്ചുകഴിഞ്ഞാൽ അവ പൂർണ്ണമായും നശിപ്പിക്കാറുണ്ട്.

(സി) ഉണ്ട്.

രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാൻ നടപടി

7 [*91] ശ്രീ. സി. മോയിൻകുട്ടി:
„ സി. ടി. അഹമ്മദ് അലി:
„ യു. സി. രാമൻ :
„ ടി. പി. എം. സാഹിർ:
„ കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധനമൂലം ഈ ഇനത്തിലുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ ഫീസ് വർദ്ധന കാരണം പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) പ്രമാണങ്ങളുടെ 2 ശതമാനം നിരക്കിലുള്ള രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാൻ ഉദ്ദേശമില്ല.

വിദേശ വിനോദ സഞ്ചാരികൾക്ക് ആയുർവ്വേദ ചികിൽസ ലഭ്യമാക്കാൻ നടപടി

8 [*92] ശ്രീ. ഇസ്ഹാക് കുരിക്കൾ :
„ പി. കെ. അബ്ദുറബ്ബ് :
„ കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിൽസ ആവശ്യപ്പെടുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് നിശ്ചിത ആയുർവ്വേദ യോഗ്യതയുള്ളവരുടെ സേവനം ലഭ്യമാക്കാൻ ഇപ്പോൾ സംവിധാനങ്ങളുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly